**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606</u>** **<u>01-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>റീസർവ്വേ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും റീസർവ്വെ പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കുന്നതിനുമായി ഡിജിറ്റലായി അളന്ന 89 വില്ലേജുകളും ഡിജിറ്റൽ സർവ്വെ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള സംസ്ഥാനത്തെ 1550 വില്ലേജുകളെ ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് 4 വർഷം കൊണ്ട് ഡിജിറ്റലായി അളക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള entebhoomi പദ്ധതിക്ക് 01.11.2022 ൽ ആരംഭം കുറിച്ചിട്ടുള്ളതാണ്. |
| (ബി) | കണ്ണൂർ ജില്ലയിലെ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; ഇപ്പോൾ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ നടന്നുകൊണ്ടിരിക്കുന്നത്; | (ബി) | കണ്ണൂർ ജില്ലയിൽ 133 വില്ലേജുകൾ ഉള്ളതിൽ 25 വില്ലേജുകൾ പൂർണ്ണമായും, 5 വില്ലേജുകൾ ഭാഗീകമായും റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവ്വെ പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കുന്നതിനായി ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ 4 വർഷം കൊണ്ട് പൂർത്തീകരിക്കുന്നത് ലക്ഷ്യം വച്ചുകൊണ്ടുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതി 01.11.2022 ൽ തുടക്കം കുറിച്ചിട്ടുണ്ട്.<br>ഡിജിറ്റൽ റീസർവെയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആറളം, അഴീക്കോട് സൗത്ത്, ചാവശ്ശേരി, എളയാവൂർ, കാണിച്ചാർ, കണ്ണൂർ 1, കണ്ണൂർ 2, കരിക്കോട്ടക്കരി, കോട്ടയം, പള്ളിക്കുന്ന്, പുഴാതി, തലശ്ശേരി, വളപ്പട്ടണം, വിളമന എന്നീ 14 വില്ലേജുകളുടെയും രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 വില്ലേജുകളിൽ കീഴല്ലൂർ, കീഴൂർ എന്നീ 2 വില്ലേജുകളുടെയും സർവെ |

| | | | |
|---|---|---|---|
| | | | പുരോഗതിയിലാണ്. ബാക്കി വില്ലേജുകളുടെ സർവ്വെ തുടർന്നുള്ള ഘട്ടങ്ങളിൽ പൂർത്തീകരിക്കുന്നതാണ്. |
| (സി) | ഡിജിറ്റൽ സർവ്വേ നടപടികൾ സംബന്ധിച്ച് ഉണ്ടായിട്ടുള്ള വിവിധ പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും, ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, ഭൂമി സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിശദീകരിച്ച് നൽകുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി " എന്ന ഓൺലൈൻ പോർട്ടലും സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കൂടാതെ സർവെ നടക്കുന്ന സമയത്തുള്ള പരാതികൾ ഒറിജിനൽ ലാൻഡ് കംപ്ലയിന്റ് (OLC) ആയും 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതിന് ശേഷമുള്ള പരാതികൾ അപ്പീൽ ലാൻഡ് കംപ്ലയിന്റ് (ALC) ആയും സമർപ്പിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ